നംപർ/ പി2/4983/2017 തീയതി 27/11/2017

ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് കോഴിക്കോട്

ക്വട്ടേഷൻ നോട്ടീസ്

ക്വട്ടേഷൻ നംപർ പി2/4/2017 -18

കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന്റെ കാന്റീൻ 2018 ജനുവരി 1 മുതൽ 2019 ഡിസംബർ 31 വരെ ഒരുവർഷത്തേക്ക് (സർക്കാർ അവധി ദിനങ്ങൾ ഒഴികെ) നടത്തുവാൻ താൽപ ര്യമുള്ളവരിൽനിന്നും മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. കാന്റീൻ നടത്തുന്നതിനുള്ള പ്രതിമാസ വാടക 500/ (അഞ്ഞൂറുരൂപ മാത്രം) കോളേജ് ഓഫീസിലും കാന്റീനിൽ ഉപയോഗിക്കുന്ന പാത്രങ്ങളുടെയും ഫർണിച്ചറുകളുടെയും വാടകയായി പ്രതിമാസം 500/ രൂപ (അഞ്ഞൂറുരൂപ മാത്രം) പി.ടി.എ ഓഫീസിലും അടക്കേണ്ടതാണ്. "2018-19 വർഷത്തേക്ക് എഞ്ചിനീയറിംഗ് കോളേജ് കാന്റീൻ നടത്തുന്നതിനുള്ള ക്വട്ടേഷൻ" എന്ന് ക്വട്ടേഷൻ സമർപ്പിക്കുന്ന കവറിന് മുകളിൽ എഴുതേണ്ടതാണ്. ക്വട്ടേഷനോടൊപ്പം നിരതദ്രവ്യമായ 1500/- രൂപയുടെ (ആയിരത്തി അഞ്ഞൂറുരൂപ മാത്രം)പ്രിൻസിപ്പാളിന്റെ പേരിൽ എടുത്ത (ഡ്രാഫ്റ്റ് ) അടക്കം ചേയ്യേണ്ടതും ക്വട്ടേഷനുകൾ 11/12/17 ന് വൈകുന്നേരം 4 മണിക്ക്മുൻപ് കിട്ടത്തക്കവിധം പ്രിൻസിപ്പാൾ, ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് വെസ്റ്റ്ഹിൽ പോസ്റ്റ് കോഴിക്കോട് 673005 എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. വൈകി കിട്ടുന്ന ക്വട്ടേഷനുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. ക്വട്ടേഷനുകൾ 12/12/2017 ന് 11 മണിക്ക് ഹാജരായവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. ക്വട്ടേഷനിൽതിരഞ്ഞെടുക്കപ്പെടുന്ന കരാറുകാരൻ 200/ (ഇരുന്നറുരൂപമാത്രം) മുദ്രകടലാസിൽ സമ്മതപത്രം സമർപ്പിക്കേണ്ടതും സെക്യൂരിറ്റിയായി 10,000/ (പതിനായിരം രൂപമാത്രം) കോളേജ് ഓഫീസിലും 5,000/ (അയ്യായിരം രൂപമാത്രം) പിറ്റിഎ ഓഫീസിലും തിരിച്ചുനൽകുന്നവ്യവസ്ഥയിൽ നിക്ഷേപിക്കേണ്ടതുമാണ്. സ്വീകരിച്ച ക്വട്ടേഷന്റെ ഉടമ വെള്ളക്കരം, വൈദ്യുതിബിൽ എന്നിവ അതാത് സമയങ്ങളിൽ നേരിട്ട് അടക്കേണ്ടതാണ്. കൂടാതെ കരാറുകാരൻ കാന്റീൻ നടത്തുവാൻ വിസമ്മതിച്ചാൽ സർക്കാരിനുണ്ടാകുന്ന നഷ്ടം കണക്കിലെടുത്ത് അയാളുടെ സെക്യൂരിറ്റി തുകയിൽ നിന്നും ഈടാക്കുന്നതാണ്. ക്വട്ടേഷൻ സംബന്ധിച്ച അന്തിമതീരുമാനം പ്രിൻസിപ്പാളിൽ നിക്ഷിപ്തമായിരിക്കും. വിശദവിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. (ഫോൺ നംപർ 0495 2383220 )കോർപ്പറേഷനിൽ നിന്ന് ലഭിച്ച ലൈസൻസും ആരോഗ്യവകുപ്പിൽ നിന്ന് ലഭിച്ച ആരോഗ്യ ഇൻഷുറൻസ് കാർഡും കൊണ്ടുവരേണ്ടതാണ്.

ക്വട്ടേഷൻ പരിഗണിക്കുമ്പോൾ ഭക്ഷ്യ വസ്തുക്കളുടെ വിലയും, മുൻപരിചയവും കണക്കിലെടുക്കുന്നതാണ്. കാന്റീൻ വൃത്തിയായി സൂക്ഷിക്കുന്നതു കൂടാതെ ഗുണനിലവാരമുള്ള ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യാൻ കരാറുക്കാരൻ ബാധ്യസ്ഥനാണ്. ആവശമായ വസ്തുക്കളുടെ പട്ടിക ഓഫീസിൽ നിന്നും പ്രവർത്തി ദിവസങ്ങളിൽ 9.30 - 4.30 സമയത്തിനുള്ളിൽ ലഭ്യമാവുന്നതാണ്. കോട്ട് ചെയ്യുന്ന ഭക്ഷ്യവസ്തുക്കൾ കാന്റീനിൽ ലഭ്യമാക്കേണ്ടതാണ്.

പ്രിൻസിപ്പാൾ

പകർപ്പ്

1. കോളേജ് നോട്ടീസ് ബോർഡ്
2. പോളിടെക്നിക് നോട്ടീസ് ബോഡ്
3. ടെക്നിക്കൽ ഹൈസ്കൂൾ നോട്ടീസ് ബോഡ്
4. വെസ്റ്റ്ഹിൽ ജംഗ്ഷൻ
5. സിവിൽസ്റ്റേഷൻ നോട്ടീസ് ബോഡ്
6. പോസ്റ്റ് ഓഫീസ്
7. ഡിസ്ട്രിക്ട് ഇൻഫർമേഷൻ ഓഫീസർ, കോഴിക്കോട്
8. വില്ലേജ് ഓഫീസർ, കച്ചേരി വില്ലേജ്, ഈസ്റ്റ്ഹിൽ
9. ഓഫീസ് കോപ്പി (അന്തിമ തീരുമാനം പ്രിൻസിപ്പാളിൽ നിക്ഷിപ്തം)
10. കുടുംബശ്രീ